**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3851** **27-06-2024 - ൽ മറുപടിയ്ക്ക്**

**ക്ഷീരമേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ടി. സിദ്ദിഖ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കടുത്ത വേനൽചൂടിൽ പാലുൽപ്പാദനം കുറഞ്ഞതും പച്ചപ്പുല്ലിന്റെ ക്ഷാമവും കാരണം ക്ഷീര മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ നടത്തിയ ഇടപെടലുകൾ വിശദമാക്കുമോ; | (എ) | വേനൽച്ചൂടുമായി ബന്ധപ്പെട്ട് പച്ചപ്പുല്ലിനും, ശുദ്ധജലത്തിനും ദൗർലഭ്യം അനുഭവപ്പെട്ട മേഖലകളിൽ, ക്ഷീരസംഘങ്ങളുടേയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും സഹായത്തോടെ ആയത് പരിഹരിക്കുന്നതിനു നടപടികൾ സ്വീകരിച്ചിരുന്നു.<br><br>കടുത്ത വേനൽ ചൂട് അനുഭവപ്പെട്ടതിനെ തുടർന്ന് വിവിധ ജില്ലകളിൽ പാലുല്പാദനക്ഷമതയിൽ കുറവുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കന്നുകാലികൾക്കുള്ള വേനൽക്കാല പരിചരണം സംബന്ധിച്ച് ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴി കർഷകർക്ക് അവബോധവും ജാഗ്രതാ നിർദ്ദേശങ്ങളും നല്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>നിശ്ചിത പരിധിക്കു മുകളിൽ അന്തരീക്ഷ താപനില ഉയർന്നാൽ കറവ മൃഗങ്ങളിൽ ഉണ്ടാകുന്ന ഉല്പാദനക്കുറവ് മൂലമുള്ള സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിനായി കന്നുകാലികൾക്കുള്ള കാലാവസ്ഥാ അധിഷ്ഠിത ഇൻഷ്വറൻസ് പദ്ധതി മിൽമയുടെ മൂന്നു മേഖലാ യൂണിയനുകളും നടത്തി വരുന്നുണ്ട്. |
| (ബി) | പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ക്ഷീരകർഷകർക്ക് പ്രത്യേക ഇൻസെന്റീവ് അടക്കമുള്ള ആനുകൂല്യങ്ങൾ നൽകാൻ തയ്യാറാകുമോ; വിശദമാക്കുമോ? | (ബി) | വേനൽക്കാലത്ത് താപാഘാതം മൂലം കറവമൃഗങ്ങളുടെ പാലുൽപാദനം കുറയുന്നതുവഴി ക്ഷീരകർഷകർക്ക് ഉണ്ടാവുന്ന സാമ്പത്തിക നഷ്ടത്തിന് സംരക്ഷണം എന്ന നിലയിൽ മിൽമ തിരുവനന്തപുരം മേഖലാ യൂണിയൻ, ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന ക്ഷീരകർഷകരെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തുകൊണ്ട് അഗ്രികൾച്ചറൽ |

| | | | | |
|---|---|---|---|---|
| | | | | ഇൻഷ്വറൻസ് കമ്പനി മുഖേന വേനൽക്കാല കന്നുകാലി ഇൻഷുറൻസ് പരിരക്ഷാ പദ്ധതി 2023-24 സാമ്പത്തിക വർഷം നടപ്പിലാക്കി. ആകെ 33,802 ഉരുക്കളെ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്യുന്നതിന് യൂണിയൻ വിഹിതമായി 18.06 ലക്ഷം രൂപ ചെലവഴിച്ചു. ആകെ 14,856 കർഷകർക്ക് 118.15 ലക്ഷം രൂപ നഷ്ട പരിഹാരം ലഭിക്കുന്നതാണ്. നഷ്ടപരിഹാര തുകയുടെ വിതരണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>സമാന രീതിയിൽ എറണാകുളം മേഖലാ യൂണിയനും ഫ്യൂച്ചർ ജനറാലി ഇന്ത്യ ഇൻഷുറൻസ് കമ്പനി മുഖേന ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. 2024 ഏപ്രിൽ, മെയ് മാസങ്ങളിൽ എറണാകുളം മേഖലാ യൂണിയനു കീഴിലുള്ള 24,531 ഉരുക്കളെ ഈ പദ്ധതി വഴി ഇൻഷ്വർ ചെയ്യുന്നതിനായി യൂണിയൻ വിഹിതമായി 12.17 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇൻഷുറൻസ് ആനുകൂല്യം കർഷകർക്ക് കൈമാറുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>മലബാർ മേഖലാ യൂണിയനും കാലാവസ്ഥാ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഓരോ ജില്ലയിലും വിവിധ ഭാഗങ്ങളിൽ ഭൂപ്രകൃതി വ്യത്യസ്തമായതിനാൽ കർഷകർക്ക് കൂടുതൽ ആനുകൂല്യം ലഭിക്കുന്ന രീതിയിൽ അന്തരീക്ഷ താപനില താലൂക്ക് അടിസ്ഥാനത്തിൽ നിർണ്ണയിച്ചാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ഇതിലൂടെ 163 ലക്ഷം രൂപയുടെ ആനുകൂല്യം ഉയർന്ന താപനില രേഖപ്പെടുത്തിയ പ്രദേശങ്ങളിലെ കർഷകർക്ക് കൈമാറാൻ മേഖലായൂണിയന് സാധിക്കുന്നതാണ്. 2022-23 വർഷത്തിൽ ഇന്ത്യയിൽ ആദ്യമായാണ് മലബാർ മേഖലായൂണിയൻ പശുക്കൾക്ക് വേണ്ടി കാലാവസ്ഥാ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.<br><br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വേനൽക്കാലത്ത് കർഷകർക്കുണ്ടായ പ്രതിസന്ധി പരിഹരിക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കിയിരുന്നു. |

സെക്ഷൻ ഓഫീസർ